പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1353 30.09.2011 - ൽ മറുപടിയ്ക്ക്

## കേരോൽപ്പന്ന കയറ്റുമതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി.പി. സജീന്ദ്രൻ | | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) | |
| എ) | ഇന്ത്യയിൽ ഏറ്റവും അധികം കേരോൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നത് ഏത് സംസ്ഥാനത്ത് നിന്നാണെന്ന് അറിയാമോ: | (എ) | തമിഴ് നാട്ടിൽ നിന്ന് |
| ബി) | കേരളത്തിൽ നിന്നും കയറ്റുമതി ചെയ്യുന്ന കേരോൽപ്പന്നങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ബി) | പച്ചതേങ്ങ, കരിക്ക്, ഡെസിക്കേറ്റഡ് കോക്കനെട്ട്പൗഡർ,ആക്ടിവേറ്റഡ് കാർബൺ, കൊപ്ര, വെളിച്ചെണ്ണ, ഫ്രോസൺ ഗ്രേറ്റഡ് കോക്കനെട്ട്,തെങ്ങിൻതടികൊണ്ടുള്ളകരകൗശ ല വസ്തുക്കൾ എന്നിവയാണ് കേരളത്തിൽ നിന്നും കയറ്റുമതി ചെയ്യുന്നകേരോൽപ്പന്ന ങ്ങൾ. |
| സി) | കേരോൽപ്പന്ന കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിന് ഈ മേഖലയിൽ വൈവിധ്യവത്ക്കരണം നടപ്പാക്കാൻ എന്തെല്ലാം നടപടി സ്വീകരിക്കുന്നുവെന്ന് വ്യക്തമാക്കാമോ? | (സി) | കേന്ദ്രസർക്കാരിന്റെ വാണിജ്യ വ്യവസായ മന്ത്രാലയം നാളികേര വികസന ബോർഡിനെ നാളികേരത്തിന്റെ തൊണ്ട്, ചകിരി എന്നിവ ഒഴിച്ചുള്ള മറ്റെല്ലാം ഉൽപ്പന്നങ്ങളുടെയും എക്സ്പോർട്ട്പ്രൊമോഷൻ കൗൺസിലായി വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി നാളികേരത്തിന്റെ വിവിധ ഉൽപ്പന്ന ങ്ങളായ തേങ്ങാവെള്ള ഉൽപ്പന്നങ്ങൾ, പച്ചതേങ്ങ, വെളിച്ചെണ്ണ, ഉരുക്ക് വെളിച്ചെണ്ണ, ചിരട്ട, ചിരപ്പൊടി, ചിരട്ട ചാർക്കോൾ, തെങ്ങിൻതടിയിൽ നിന്നുള്ള ഫർണിച്ചറുകൾ, കരകൗശല വസ്തുക്കൾ തുടങ്ങിയവയെല്ലാം കയറ്റുമതി ചെയ്തുവരുന്നു. നാളിതുവരെ കേരളം തമിഴ്നാട്, ആന്ധ്രാപ്രദേശ്, കർണ്ണാടക, ഗുജറാത്ത്, ഗോവ, മഹാരാഷ്ട്ര തുടങ്ങിയ പ്രദേശങ്ങളിൽ നിന്നും 540 കയറ്റുമതിക്കാർ ഇതിനുള്ള അംഗത്വം സ്വീകരിച്ചുകഴിഞ്ഞു. നാളികേര ബോർഡിന്റെ ടെക്നോളജി മിഷൻ പദ്ധതിപ്രകാരവും |

നാളികേര വൈവിധ്യവത്ക്കരണം പ്രോത്സാഹിപ്പിക്കുന്നുണ്ട്.ഇത് പ്രകാരമുള്ള 354പ്രോജക്ടുകൾ കോ.ഓപ്പറേറ്റീവ് സൊസൈറ്റികൾ, കാർഷിക യൂണിവേഴ്സിറ്റി, സംസ്ഥാന കൃഷി വകുപ്പ് സി.പി.സി.ആർ.ഐ. തുടങ്ങിയ ഏജൻസികൾ മുഖേന നടപ്പിലാക്കുന്നതിനുള്ള അനുമതി ഇതിനകം നൽകികഴിഞ്ഞു.

സെക്ഷൻ ഓഫീസർ